ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033

ഇ-മെയിൽ:secretary@niyamasabha.nic.in

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

KLS/6538/2026-KLIBF 1

തിരുവനന്തപുരം, 16-11-2026

ക്വട്ടേഷൻ നോട്ടീസ്

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ 2027 ജനുവരി 07 മുതൽ 13 വരെ നടത്തുന്ന കേരളനിയമസഭാ അന്താരാഷ്ട്ര സാഹിത്യോത്സവം അഞ്ചാം പതിപ്പിന് സമഗ്ര ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി അംഗീകൃത ഇൻഷുറൻസ് കമ്പനികളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ഇൻഷുറൻസ് പരിധി ഉൾക്കൊള്ളേണ്ട വിഷയങ്ങളും ഇൻഷുറൻസ് തുകയും:

സാഹിത്യോത്സവത്തിനോടനുബന്ധിച്ച് നിയമസഭാ സമുച്ചയത്തിൽ വച്ച് നടക്കുന്ന എല്ലാ പൊതുപരിപാടികളിലും നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന സാഹിത്യോത്സവത്തിന്റെ സമാപന സമ്മേളനത്തിലും സംഭവിക്കാവുന്ന അപകടങ്ങൾ, അഗ്നിബാധ, പ്രകൃതിക്ഷോഭം തുടങ്ങിയവ മൂലം പുസ്തക/ ഭക്ഷണ സ്റ്റാളുകൾ, ഫെസ്റ്റിവൽ പ്രദേശം, വേദികൾ, സാമഗ്രികൾ, പൊതുജനങ്ങൾ/വ്യക്തികൾ എന്നിവയ്ക്കുണ്ടാവുന്ന അപകടങ്ങൾ/നഷ്ടങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സമഗ്ര ഇൻഷുറൻസ് പരിരക്ഷ. ഇൻഷുറൻസ് തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Item		Amount
Book (Stock)	-	2 കോടി രൂപ
Stalls, Stage, Tents, Food Court, Pandal, Stage Decorations, Music Systems, LED Wall, Computers, Furniture, Fixtures, Other Electronics and Electrical Items	-	5 കോടി രൂപ
Public Liability	-	1 കോടി രൂപ
ആകെ	-	**8 കോടി രൂപ**

കവറേജ് കാലയളവ്

06.01.2027 മുതൽ 14.01.2027 വരെ

മുദ്രവച്ച ക്വട്ടേഷനുകൾ 25.11.2026 -ന് ഉച്ചക്ക് ശേഷം 3.00 മണിക്ക് മുൻപായി സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചക്ക് ശേഷം 03.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുത്ത വ്യക്തികളുടെ/സ്ഥാപന പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്ന് പരിശോധിക്കുന്നതാണ്. ഇൻഷുറൻസ് പരിധി, പ്രീമിയം നിരക്ക്, നികുതി, മറ്റ് ചെലവുകൾ, നിബന്ധനകൾ എന്നിവ ക്വട്ടേഷനിൽ വ്യക്തമായി രേഖപ്പെടുത്തണം. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് "Quotation for Insurance Coverage - KLILF-5" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. മേൽപരാമർശിച്ച ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് കെ.എൽ.ഐ.എൽ.എഫ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് (0474-251-2287).

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

Digitally signed by
Romy Josen Xavier
Date: 16-11-2026
11:28:42

Romy Josen Xavier
US (KLIBF) KLS
സെക്രട്ടറിയ്ക്കു വേണ്ടി.

secretary@niyamasabha.nic.in
klilf@niyamasabha.in
0471-251-2287
0471 -251-2263